LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തെ പച്ചക്കറി ഉല്പാദനം

37 (1022) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2011-12, 2016-17, 2020-21 എന്നീ വർഷങ്ങളിലെ സംസ്ഥാനത്തെ പച്ചക്കറി ഉല്പാദനം എത്ര മെട്രിക് ടൺ വീതം ആയിരുന്നുവെന്ന് വർഷം തിരിച്ച് വ്യക്തമാക്കാമോ?

2011-12 വർഷത്തിൽ സംസ്ഥാനത്തെ പച്ചക്കറി ഉല്പാദനം 5.87 ലക്ഷം മെട്രിക് ടണ്ണും 2016-17 വർഷത്തിൽ സംസ്ഥാനത്തെ പച്ചക്കറി ഉൽപ്പാദനം 7.25 ലക്ഷം മെട്രിക് ടണ്ണും, 2020-21 വർഷത്തിൽ 15.7 ലക്ഷം മെട്രിക് ടണ്ണും ആയിരുന്നു.

നിരോധിച്ച കീടനാശിനികളുടെ വിപണനവും ഉപയോഗവും

38 (1023) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിരോധിച്ച കീടനാശിനികളുടെ വിപണനവും ഉപയോഗവും തടയുന്നതിന് സർക്കാർ ഫലപ്രദമായി ഇടപെടുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

നിരോധിച്ച കീടനാശിനികളുടെ വിപണനവും ഉപയോഗവും തടയുന്നതിന് സർക്കാർ ഫലപ്രദമായി ഇടപെട്ട് ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഇൻസെക്ടിസൈഡ് ഇൻസ്പെക്ടർമാരായ എല്ലാ കൃഷി ഓഫീസർമാർക്കും നൽകിയിട്ടുണ്ട്. കൃഷി ഓഫീസർമാർ തങ്ങളുടെ പരിധിയിലുള്ള എല്ലാ കീടനാശിനി ഡിപ്പോകളും ഓരോ മാസത്തിലും ക്രമമായി സന്ദർശിച്ച് നിരോധിത ഉത്പന്നങ്ങൾ വിൽക്കുന്നില്ല എന്ന് ഉറപ്പുവരുത്തുന്നുണ്ട്. നിരോധിത കീടനാശിനികൾ വില്പന നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടാൽ ടി ഡിപ്പോകൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്. നിരോധിത കീടനാശിനികൾ കൈവശം വയ്ക്കുന്ന സ്റ്റോക്ക് പിടിച്ചെടുക്കുകയും ഡിപ്പോ പൂട്ടി മുദ്രവയ്ക്കുകയും, ഇൻസെക്ടിസൈഡ് ആക്ട് പ്രകാരമുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. നിരോധിത കീടനാശിനികൾ സംബന്ധിച്ച് വ്യാപകമായ ബോധവത്കരണം യഥാസമയം കർഷകർക്ക് നൽകിവരുന്നു. വ്യാജ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ കൃഷിഭവനിലും പോലീസ് സ്റ്റേഷനിലും വിവരം അറിയിക്കുന്നതിന് കർഷകർക്ക്